**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4642** **29-10-2021 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിൽ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിന്റെയും നിലവിലെ അവസ്ഥയും വിശദീകരിക്കാമോ; | (എ) | പയ്യന്നൂർ മണ്ഡലത്തിൽ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി രാമന്തളി പഞ്ചായത്തിൽ 4026 കുടിവെള്ള കണക്ഷനുകളും, എരമം - കുറ്റൂർ പഞ്ചായത്തുകളിൽ ഒന്നാം ഘട്ടത്തിൽ 500 കുടിവെള്ള കണക്ഷനുകളും രണ്ടാം ഘട്ടത്തിൽ 6543 കുടിവെള്ള കണക്ഷനുകളും, കാങ്കോൽ- അലപ്പടമ്പ പഞ്ചായത്തുകളിൽ 5035 കുടിവെള്ള കണക്ഷനുകളും, കരിവെള്ളൂർ- പേരളം പഞ്ചായ ത്തുകളിൽ 5670 കുടിവെള്ള കണക്ഷനുകളും നൽകുന്നതിനുള്ള പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. രാമന്തളി പഞ്ചായത്തിൽ 3312 കുടിവെള്ള കണക്ഷനുകളും, എരമം- കുറ്റൂർ പഞ്ചായത്തുകളിൽ ഒന്നാം ഘട്ടത്തിൽ 441 കുടിവെള്ള കണക്ഷനുകളും 21/10/2021 വരെ നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി രാമന്തളി പഞ്ചായത്തിൽ 37 കി.മീ വിതരണ ശൃംഖല ദീർഘിപ്പിക്കുകയും പഴയ ജലസംഭരണി പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കുകയും ചെയ്യുന്ന പ്രവൃത്തി പുരോഗമിച്ച് വരുകയുമാണ്. എരമം-കുറ്റൂർ പഞ്ചായത്തിൽ ഒന്നാം ഘട്ടം പ്രവൃത്തിയുടെ ഭാഗമായി 6.5 കി.മീ വിതരണ ശൃംഖല ദീർഘിപ്പിക്കുകയും ഉന്നതതല ജല സംഭരണിയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എരമം - കുറ്റൂർ (രണ്ടാം ഘട്ടം), കാങ്കോൽ-അലപ്പടമ്പ, കരിവെള്ളൂർ-പേരളം എന്നീ പ്രവൃത്തികളുടെ നിർവഹണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെറുപുഴ, പെരിങ്ങോം-വയക്കര എന്നീ പഞ്ചായത്തുകളിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി എത്ര പുതിയ കണക്ഷനുകളാണ് നൽകിയതെന്ന് വ്യക്തമാക്കാമോ? | (ബി) | പയ്യന്നൂർ മണ്ഡലത്തിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 21/10/2021 വരെ 3753 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ